# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കൊല്ലം ജില്ല - തൊടിയൂർ ഗ്രാമപഞ്ചായത്ത് തൊടിയൂർ വില്ലേജ് പെട്രോൾ പമ്പ് നിർമ്മാണത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/10/2019 ലെ A3-8291(1) /19 നമ്പർ കത്ത്.

2. കൊല്ലം ജില്ലാ ടൗൺ പ്ലാനറുടെ 01/11/2019 ലെ TCPKLM/824/2019/C നമ്പർ കത്ത്.

---

## കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2651/19-C3** തീയതി: **20/11/2019**

---

കൊല്ലം ജില്ലയിലെ തൊടിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തൊടിയൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 518/11-ൽ ഉൾപ്പെട്ട സ്ഥലയുടമ ശ്രീ.ബൈജുവിന്റെ 1730 ച.മീ വസ്തുവിൽ നിന്നും 625 ച.മീ സ്ഥലം വേർതിരിച്ചെടുത്ത് സെയിൽസ് ബിൽഡിംഗ് (34.98 ച.മീ) കനോപ്പി (181.50 ച.മീ) ഉൾപ്പടെ 216.48 ച.മീ വിസ്തീർണ്ണം വരുന്ന HPCL-ന്റെ **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. ബിജു**, ബിജു ഭവനം, തൊടിയൂർ നോർത്ത് പി.ഒ, കരുനാഗപ്പള്ളി, കൊല്ലം എന്നയാളുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ- ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

## നിബന്ധനകൾ

1. കെ.പി.ബി.ആർ. 2011 -ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവ്വെ നമ്പർ , വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെന്നും, നിർമ്മാണം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാലിച്ചു കൊണ്ടാണ് നടത്തുന്നതെന്നും സെക്രട്ടറി ഉറപ്പാക്കണം
2. പെട്രോൾ ടാങ്കിന്റേയും വെന്റ് പൈപ്പിന്റേയും സ്ഥാനവും നിർമ്മാണവും നിലവിലുള്ള പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.

3. പെട്രോൾ പമ്പിന്റെ ഉപയോഗം മൂലം പൊതു ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണം.
4. കെ.പി.ബി.ആർ.2011 ലെ ചട്ടം 61 (6) പ്രകാരം അഗ്നിശമന സേന ഡയറക്ടറുടെ എൻ.ഒ.സി യും 61(9) പ്രകാരം ജില്ലാ കളക്ടറുടെ അംഗീകാരവും ലഭ്യമാക്കിയിരിക്കണം.
5. ചട്ടം 61 (16) പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളും ചട്ടം 61 (17) പ്രകാരം ടി നിർമ്മാണത്തിന്റെ ഉപയോഗം മൂലമുണ്ടാകുന്ന മലിന ജലം ശുദ്ധീകരിച്ച് പൂർണമായും പുനരുപയോഗിക്കുന്നതിനാവശ്യമായ ശുചീകരണ വിതരണ സംവിധാനവും നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം.
6. 61(8) പ്രകാരം നൽകേണ്ട ശുചീകരണ സൗകര്യങ്ങൾ നൽകിയിരിക്കണം.
7. നിർദ്ദിഷ്ട നിർമ്മാണം കെ .പി.ബി.ആർ. 2011-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :144/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>** .

ഉത്തരവിൻ പ്രകാരം

**ജയശ്രീ.പി.ആർ**
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി, തൊടിയൂർ ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീ. ബിജു, ബിജു ഭവനം, തൊടിയൂർ നോർത്ത് പി.ഒ, കരുനാഗപ്പള്ളി, കൊല്ലം
2. ടൗൺ പ്ലാനർ, കൊല്ലം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

5/19/19